**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡിഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം -ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ നിന്നും ഹെൽത്ത് സൂപ്പർ വൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.സർക്കാർ കത്ത് നമ്പർ. സി 2/229/2023/ആ.കു.വ. തീയതി. 07.11.2023
2.സർക്കാർ ഉത്തരവ് നമ്പർ. 3190/2023/ആ.കു.വ. തീയതി. 01.12.2023
3.സർക്കാർ ഉത്തരവ് നമ്പർ. 2797/2018/ആ.കു.വ. തീയതി. 12.09.2018
4. ഉത്തരവ് നമ്പർ ഇ.എസ്.2/47321/2000/ആ.വ.ഡ. തീയതി. 05.01.2008
5. ഉത്തരവ് നമ്പർ ഇ.എസ്.1 /14462/2015/ആ.വ.ഡ. തീയതി. 08.11.2018
6. ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതു ജനാരോഗ്യം) -ടെ 29.09.2018 തീയതിയിലെ ഉത്തരവ് നം. ഇ.ജി4-41950/2016/ആ.വ.ഡ
7. ഉത്തരവ് നം: ആ.വ.ഡ/10604/2023/ഇ.ജി4 തീയതി: 07-11-2025
8. ഉത്തരവ് നം: ആ.വ.ഡ/10604/2023/ഇ.ജി4 തീയതി: 07-01-2026

**ഉത്തരവ് നം: DHS/10604/2023-EG4 തീയതി:** **02-03-2026**

---

01.01.1997 മുതൽ 31.03.2000 വരെയുള്ള കാലയളവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതും പരാമർശം (4), (5) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടതുമായ ജീവനക്കാരുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട തർക്കം ബഹു:സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ പരാമർശം (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു.

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തതിനാൽ മേൽ ജീവനക്കാർക്ക് തൊട്ടടുത്ത സൂപ്പർ വൈസറി തസ്തികയായ ഹെൽത്ത് സൂപ്പർ വൈസർ-ലേക്ക് സ്ഥാനക്കയറ്റം അനുവദിക്കാൻ സാധിച്ചിരുന്നില്ല. നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർ

ഗ്രേഡ്-II തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവർക്ക് SLP (C) No.12363/2018 കേസിലെ 'ബഹ:സുപ്രീം കോടതിയുടെ അന്തിമ വിധിക്കു വിധേയമായിരിക്കും' എന്ന വ്യവസ്ഥയോടെ ടിയാളുകളുടെ താൽക്കാലിക പ്രൊമോഷൻ ക്രമീകരിക്കുന്നതിനും മേൽ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും ടിയാളുകൾക്ക് മേൽപ്പറഞ്ഞ വ്യവസ്ഥയോടെ അടുത്ത സൂപ്പർ വൈസറി തസ്തികയായ ഹെൽത്ത് സൂപ്പർ വൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും, എന്നാൽ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് ബഹ:സുപ്രീം കോടതിയോ ബഹ: ഹൈക്കോടതിയോ അന്തിമ വിധി ന്യായം പുറപ്പെടുവിക്കുമ്പോൾ അതിനനുസൃതമായി പ്രസ്തുത സ്ഥാനക്കയറ്റങ്ങൾ പുനഃ ക്രമീകരിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയോടെ സ്ഥാനക്കയറ്റം അനുവദിക്കുന്നതിനും പരാമർശം (1) പ്രകാരം സർക്കാർ നിർദേശം നൽകിയിരിക്കുന്നു.

പരാമർശം (4) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടതും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചതുമായ ജീവനക്കാരുടെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ താൽക്കാലിക സ്ഥാനക്കയറ്റം പരാമർശം (7) ഉത്തരവ് പ്രകാരം ക്രമീകരിച്ച് നൽകുകയും മേൽ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (4) (5) ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 260, 201 മുതൽ 206 വരെ ഉൾപ്പെട്ട ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് KS&SSR Part II Rule 28 (b) (ii) പ്രകാരം 43400-91200 ശമ്പള സ്കെയിലിൽ ഹെൽത്ത് സൂപ്പർ വൈസർ തസ്തികയിലേക്ക് പരാമർശം (1) സർക്കാർ കത്തിൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം (3) സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് ബഹ:സുപ്രീം കോടതിയോ ബഹ: ഹൈക്കോടതിയോ അന്തിമ വിധി ന്യായം പുറപ്പെടുവിക്കുമ്പോൾ അതിനനുസൃതമായി പ്രസ്തുത സ്ഥാനക്കയറ്റങ്ങൾ ക്രമീകരിക്കുന്നതാണ്.

| Sl no | Rank no | Name | PEN | Current Institution | Current District | Allotted |
|---|---|---|---|---|---|---|
| 1 | 260 (HIC List) | Jaleel Aranhikkal | 340757 | BFHC EDAVANNA | MALAPPURAM | ERNAKULAM |
| 2 | 201 | Krishnakumar K | 315342 | FHC KAVASSERI | PALAKKAD | ERNAKULAM |
| 3 | 203 | Hari Prasad V | 316373 | CHC KUZHALMANNAM | PALAKKAD | THRISSUR |
| 4 | 206 | Raveendran C | 315132 | CHC KODUVAYUR | PALAKKAD | ALAPPUZHA |

പ്രസ്തുത സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള റാങ്ക് നം 260 ശ്രീ ജലീൽ അരഞ്ഞിക്കൽ (PEN 340757)

നു അച്ചടക്കനടപടിയുടെ ഭാഗമായി രണ്ടു വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ രണ്ടു വാർഷിക വേതന വർദ്ധനവ് തടയുക എന്ന ശിക്ഷ നല്കിയിട്ടുള്ളതിനാൽ നിയമന ഉത്തരവ് നൽകുന്നതിന് മുൻപ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ ടിയാളിൽ നിന്നും ഈടാക്കാനുള്ള തുക (Monetary value equivalent to the amount of increment to be withheld ) ഒറ്റത്തവണയായി 1960 ലെ Kerala Civil Services (Classification, Control & Appeal) Rules, Rule 11 (1) (ii) (3), No 80776/SB4)/ 60/PD Dated 13/10/1961 പ്രകാരം ഈടാക്കേണ്ടതാണ്.

പരാമർശം (5) SIC സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ. 202, 204, 205 എന്നീ ജീവനക്കാർ സേവനത്തിൽ നിന്നും വിരമിച്ചു.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ടി ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകേണ്ടതും സ്ഥാപന മേധാവികൾ ടി വ്യക്തികളുടെ ജനന തീയതി, റാങ്ക് നമ്പർ എന്നിവ പരിശോധിക്കുകയും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചതിനുശേഷം വിടുതൽ ചെയ്യേണ്ടതുമാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് പ്രവേശന / വിടുതൽ ചെയ്യുന്നതിനുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

മേൽ ജീവനക്കാർ സേവനത്തിൽ പ്രവേശിച്ച സ്ഥാപനം, തീയതി എന്നിവ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ജീവനക്കാരുടെ നിലവിലെ സ്ഥാപനം വ്യത്യാസപ്പെട്ടിട്ടുണ്ടെങ്കിലും ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

Digitally signed by
Reetha K P
Date: 02-03-2026
18:49:38

DR. REETHA. K.P
ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:-

1..ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1..ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
2.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
3..ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4. ഫയൽ / കരുതൽ ഫയൽ